# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2706

06.02.2018-ലെ മറുപടി

## പാലക്കാട് ജില്ലയിൽ 'സിൽട്ട്' നീക്കം ചെയ്ത് കനാലുകൾ വൃത്തിയാക്കൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.വി.വിജയദാസ് | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പാലക്കാട് ജില്ലയിൽ ഒൻപത് ഡാമുകൾക്കായി 300 കി.മി ലേറെ കനാലുകൾ തൊഴിലുറപ്പ പദ്ധതി പ്രകാരം 'സിൽട്ട്' നീക്കം ചെയ്ത് വൃത്തിയാക്കിയിരുന്നതും ഇപ്പോൾ ആയത് തൊഴിലുറപ്പ പദ്ധതിയിലൂടെ വൃത്തിയാക്കുവാൻ കഴിയാത്ത സാഹചര്യം ഉള്ളതായും ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിലവിലെ വ്യവസ്ഥകൾ പ്രകാരം സിൽട്ട് നീക്കം ചെയ്യൽ പോലെ ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ എല്ലാ വർഷവും ചെയ്യുവാൻ അനുവാദമില്ല. |
| (ബി) ജലസേചന വകുപ്പ് മുഖേന കനാലുകൾ വൃത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം നൽകുമോ? | (ബി) ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയറുടെ അധികാര പരിധിയിലുള്ള പീച്ചി പദ്ധതിയുടെ അനുബന്ധ കനാലുകളിലൂടെയുള്ള സുഗമമായ നീരൊഴുക്കിന് വാർഷിക പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തികാനുമതി നോൺപ്ലാൻ പദ്ധതിയിലുൾപ്പെടുത്തി നൽകുകയും അനുബന്ധ പ്രവർത്തികൾ പദ്ധതി ഉദ്യോഗസ്ഥർ നിർവ്വഹിച്ചുവരുകയും ചെയ്യുന്നു. മറ്റ് പദ്ധതികളുടെ അനുബന്ധ കനാലുകളുടെ വൃത്തിയാക്കൽ ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം I ഉം, II ഉം നിർവ്വഹിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ